## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2426 — 12.03.2020-ൽ മറുപടിയ്ക്ക്.

# കർഷകർ തമ്മിലുള്ള കറവ മൃഗങ്ങളുടെ കൈമാറ്റം സുഗമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങുന്ന കർഷകർ തട്ടിപ്പിന് ഇരയാകുന്നുവെന്ന കാര്യം പരിശോധിക്കുമോ; | (എ) പരിശോധിയ്ക്കുന്നതാണ്. |
| (ബി) കർഷകർ തമ്മിലുള്ള കറവ മൃഗങ്ങളുടെ കൈമാറ്റം സുഗമമാക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കുന്നതിനും, മിൽമ കൗ ബസ്സാർ എന്ന പേരിൽ മൊബൈൽ ആപ് പുറത്തിറക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) യൂണിയന്റെ പരിധിയിൽ നിന്നും കറവമൃഗങ്ങൾ പുറത്ത് പോകാതിരിക്കുന്നതിനും കർഷകർക്ക് അത്യാവശ്യ ഘട്ടങ്ങളിൽ അവരുടെ ആവശ്യങ്ങൾക്കായി കറവ മൃഗങ്ങളുടെ പരസ്പരമുള്ള കൈമാറ്റം സുഗമമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനുമായി മിൽമ കൗ ബസാർ എന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രാവർത്തികമാക്കുന്നത് തിരുവനന്തപുരം മേഖലാ യൂണിയന്റെ പരിഗണനയിലാണ്. |
| (സി) ക്ഷീരവിപണന മേഖല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഭാഗമായി മിൽക്ക് എ.റ്റി.എമ്മുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) ക്ഷീരവിപണന മേഖല പ്ലാസ്ററിക് വിമുക്തമാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>സംസ്ഥാന സർക്കാർ സംരംഭമായ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി ചേർന്ന് പ്ലാസ്റ്റിക് പുന:സംസ്കരണത്തിനുള്ള നടപടികൾ മിൽമ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ തുടങ്ങുന്നതാണ്. പ്ലാസ്റ്റിക് കവറുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഏത് സമയത്തും പാൽ പാത്രത്തിൽ ശേഖരിക്കാവുന്ന മിൽക്ക് എ ടി എം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം പട്ടത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

**സെക്ഷൻ ഓഫീസർ**